# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗ കോളനികൾ വികസിപ്പിക്കുന്ന പദ്ധതി</u>

5054 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു കോടി രൂപ ചെലവഴിച്ച്, തെരഞ്ഞെടുത്ത പട്ടികവർഗ്ഗ കോളനികൾ വികസിപ്പിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) ആയത് സംബന്ധിച്ച് ഉത്തരവുണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധി</u>

5055 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികവർഗ്ഗ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായമായി 2011-12, 2012-13 വർഷങ്ങളിൽ എത്ര പേർക്ക് എന്ത് തുക നൽകിയിട്ടുണ്ട്; ജില്ലാ അടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ബി) 2011-12, 2012-13 വർഷങ്ങളിൽ കണ്ണൂർ ജില്ലയിൽ എത്ര പേർക്ക് എന്ത് തുക നൽകിയിട്ടുണ്ട്; പേരും വിലാസവും സഹിതം വിശദമാക്കാമോ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

2013 –14 അധ്യയന വർഷം പഠനം മുടങ്ങിയ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ

5056 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനക്ഷേമവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പരാധീനതമൂലവും യാത്രാ സൗകര്യമില്ലായ്മയെത്തുടർന്നും 2013 –14 അധ്യയനവർഷം പ്രൈമറിതലത്തിലും സെക്കണ്ടറിതലത്തിലും എത്ര പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനം തുടങ്ങാൻ കഴിയാതെ വന്നു; വ്യക്തമാക്കുമോ ;

(ബി) പട്ടികവർഗ്ഗ മേഖലയിൽ കില ഏറ്റവുമൊടുവിൽ നടത്തിയ പഠന റിപ്പോർട്ട് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗക്കാർക്കെതിരെ നടന്നു വരുന്ന അതിക്രമങ്ങൾ</u>

5057 ശ്രീ. പി. കെ. ഗുരുദാസൻ
ഡോ. കെ. ടി.ജലീൽ
ശ്രീ. സി. കെ. സദാശിവൻ
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാർക്കെതിരെ നടന്നു വരുന്ന അതിക്രമങ്ങൾ തടയുന്നതിനുള്ള സ്കീം സംസ്ഥാനത്ത് നടപ്പാക്കുന്നുണ്ടോ; ഇതിന് കേന്ദ്ര സഹായ പദ്ധതി യുണ്ടോ; ഈ വർഷത്തെ ബജറ്റിൽ ഇതിനായി എന്തു തുക വകയിരുത്തിയിട്ടുണ്ട്; ആയത് മുൻ വർഷം എത്രയായിരുന്നു;

(ബി) ഈ വർഷത്തെ സ്കീമിൽ നിന്ന് അതിക്രമങ്ങൾക്ക് വിധേയരായവർക്ക് എന്തെല്ലാം സഹായങ്ങൾ ലഭ്യമാക്കുകയുണ്ടായി;

(സി) അതിക്രമങ്ങൾക്കെതിരെ നിലവിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെന്നറിയാമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>പട്ടികവര്‍ഗ്ഗക്കാര്‍ക്ക് ചികിത്സാ ധനസഹായം</u>

5058 ശ്രീ. പി.കെ. ബഷീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും**
**മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പട്ടികവര്‍ഗ്ഗക്കാരായ നിര്‍ദ്ധന രോഗികള്‍ക്ക് ചികിത്സാ ധനസഹായം നല്‍കുന്ന എന്തെല്ലാം പദ്ധതികള്‍ പട്ടികവര്‍ഗ്ഗ വികസന വകുപ്പിന് കീഴില്‍ നിലവിലുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) എങ്കില്‍ പ്രസ്തുത പദ്ധതിയിന്‍കീഴില്‍ എത്ര രോഗികള്‍ക്ക് ചികിത്സാ ധനസഹായം വിതരണം ചെയ്തു; അറിയിക്കുമോ;

(സി) ഏറനാട് മണ്ഡലത്തിലെ എത്ര അപേക്ഷകര്‍ക്ക് പ്രസ്തുത പദ്ധതികളില്‍ ഉള്‍പ്പെടുത്തി ചികിത്സാ ധനസഹായം നല്‍കിയിട്ടുണ്ട്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>ആദിവാസികൾക്കുള്ള ചികിത്സാധനസഹായം</u>

5059 ശ്രീ. റോഷി അഗസ്റ്റിൻ
,, എം.വി. ശ്രേയാംസ് കുമാർ
,, പി.സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രോഗികളായ ആദിവാസികളുടെ ചികിത്സാ ചെലവിനത്തിൽ ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികവർഗ്ഗ വകുപ്പുവഴി ചെലവഴിച്ച തുക എത്രയാണ്;

(ബി) ആദിവാസികളുടെ ചികിത്സാ ചെലവുകൾക്കായി പ്രതിവർഷം നീക്കിവയ്ക്കുന്ന തുകയെത്രയാണ്; ആയതിൽ കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്രവീതമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) ചികിത്സാ ധനസഹായത്തിനായി അപേക്ഷ സമർപ്പിക്കുന്ന ആദിവാസികൾക്ക് അനുവദിക്കുന്ന തുക കൃത്യമായി അവരുടെ കൈകളിൽ എത്തുന്നുവെന്ന് ഉറപ്പുവരുത്താൻ നിലവിൽ എന്ത് സംവിധാനമാണുള്ളത്; ആയത് കുറ്റമറ്റതാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

<u>അട്ടപ്പാടി മേഖലയിലെ ചികിത്സാ സൗകര്യങ്ങളുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം</u>

5060 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി മേഖലയിൽ ആകെ എത്ര ആദിവാസി കുടുംബങ്ങളുണ്ട്; കുടുംബാംഗങ്ങളുടെ ആകെ എണ്ണം, ആയതിൽ സ്ത്രീകളുടെയും കുട്ടികളുടെയും എണ്ണം എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ മേഖലയിൽ അവർക്ക് ലഭ്യമാക്കിയിട്ടുളള ചികിത്സാ കേന്ദ്രങ്ങളും സാമൂഹ്യക്ഷേമ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും മറ്റ് ക്ഷേമകാര്യ സ്ഥാപനങ്ങളും ഏതെല്ലാം; പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വിശദാംശം; ആയതിൽ 2013 മാർച്ച് 31 പ്രകാരമുളള ഒഴിവുകളുടെ വിശദാംശം എന്നിവ വകുപ്പിൽ ലഭ്യമാണോ;

(സി) അട്ടപ്പാടി മേഖലയിൽ സാമൂഹ്യ പ്രവർത്തകരെ സർക്കാർ നിയോഗിച്ചിട്ടുണ്ടെങ്കിൽ അവരുടെ വിശദാംശങ്ങളും ഈ സർക്കാർ അധികാരമേറ്റശേഷം നിയമിക്കപ്പെട്ടവർ എത്രയാണെന്നും വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത മേഖലയിലെ ആരോഗ്യ സ്ഥാപനങ്ങളിൽ നിന്ന് നേരിട്ടും ആരോഗ്യപ്രവർത്തകർ ഊരുകളിൽ പോയിട്ടും കഴിഞ്ഞ രണ്ടു വർഷങ്ങളായി എത്രപേർക്ക് ചികിത്സ നൽകിയിട്ടുണ്ടെന്നുളള വിശദാംശം ലഭ്യമാക്കാമോ;

(ഇ) കഴിഞ്ഞ രണ്ട് വർഷത്തിനുളളിൽ ഈ മേഖലയിലെ എത്രപേരെ വിദഗ്ദ്ധ ചികിത്സക്കായി താലൂക്ക് ജില്ലാതല ആശുപത്രികളിലേക്കോ മെഡിക്കൽ കോളേജിലേക്കോ ശുപാർശ ചെയ്ത് വിട്ടിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(എഫ്) കഴിഞ്ഞ രണ്ടു വർഷത്തിനുളളിൽ ചികിത്സാ ചെലവിനത്തിലും വിദഗ്ദ്ധ ചികിത്സക്കായി കൊണ്ടുപോയി വന്ന ഇനത്തിലും അട്ടപ്പാടി മേഖലയിലെ ആദിവാസികൾക്കുവേണ്ടി ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

പട്ടികവർഗ്ഗക്കാരായ രോഗികളുടെ കൂട്ടിരിപ്പുകാർക്ക് ധനസഹായം

5061 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട രോഗികളുടെ കൂട്ടിരിപ്പുകാർക്ക് കഴിഞ്ഞ എട്ടു വർഷക്കാലമായി നൽകിവരുന്ന 50 രൂപ സഹായം കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ ഫെഡറേഷൻ വഴിയുള്ള പ്രവർത്തനങ്ങൾക്ക് സഹായം</u>

5062 ശ്രീ. കെ. രാധാകൃഷ്ണൻ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. കെ. കെ. ജയചന്ദ്രൻ
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ ഫെഡറേഷൻ വഴിയുള്ള പ്രവർത്തനങ്ങൾക്ക് സർക്കാർ നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ്; ഈ വർഷത്തെ ബജറ്റിൽ ഇതിനായി എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ട്;

(ബി) വനവിഭവ ശേഖരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നും പ്രതീക്ഷിക്കുന്ന ധനസഹായം എത്ര; അതിനായി എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) ഫെഡറേഷന്റെ അംഗസംഘങ്ങൾ എത്രയാണ്; ഇവയെ സഹായിക്കുന്നതിനായി നിലവിലുള്ള ബജറ്റ് വിഹിതം എത്രയെന്നറിയിക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>പട്ടികവര്‍ഗ്ഗക്കാരുടെ മരണം</u>

5063 ശ്രീ. ആര്‍. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാരധികാരമേറ്റ ശേഷം എത്ര പട്ടികവര്‍ഗ്ഗക്കാര്‍ പട്ടിണി മൂലം മരണമടഞ്ഞിട്ടുണ്ട്;

(ബി) എത്ര പട്ടിക വര്‍ഗ്ഗ വിഭാഗത്തിലെ കുട്ടികള്‍ പട്ടിണിയും, പോഷകാഹാര കുറവും മൂലം മരണമടഞ്ഞിട്ടുണ്ട്;

(സി) പട്ടികവര്‍ഗ്ഗക്കാരുടെ ജീവിത നിലവാരം ഉയര്‍ത്തുന്നതിനു വേണ്ടി ആവിഷ്കരിക്കുന്ന പദ്ധതികള്‍ ഏതൊക്കെയാണ്?

# കേരള നിയമസഭ
# 01.07.2013–ലെ മറുപടിക്ക്

<u>ആദിവാസി കോളനികളിലെ തൊഴിലില്ലായ്മ</u>
<u>മൂലമുള്ള പട്ടിണിമരണം</u>

5064 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആദിവാസി കോളനികളിൽ തൊഴിലില്ലായ്മ മൂലം പട്ടിണി മരണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൊഴിൽരഹിതരായ ആദിവാസികളുടെ കണക്ക് ജില്ല തിരിച്ചു ലഭ്യമാക്കുമോ;

(സി) തൊഴിലില്ലായ്മ മൂലം പട്ടിണി നേരിടുന്ന ആദിവാസി കുടുംബങ്ങൾക്കുവേണ്ടി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം ആദിവാസികളുടെ റിപ്പോർട്ടു ചെയ്യപ്പെട്ട പട്ടിണി മരണങ്ങൾ എത്രയാണ്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 01.07.2013–ലെ മറുപടിക്ക്

പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് സർക്കാർ ഭൂമി

5065 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ഭൂമി നൽകുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്നു വ്യക്തമാക്കാമോ; നിലവിലുള്ള വ്യവസ്ഥകൾ അനുസരിച്ച് പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരാൾ സർക്കാർ ഉദ്യോഗസ്ഥനാണെങ്കിൽ ടിയാളുടെ ഭാര്യയുടെ പേരിൽ സർക്കാർ സൗജന്യമായി ഭൂമി നൽകുന്നതിന് തടസ്സമുണ്ടോ; വിശദമാക്കുമോ;

(ബി) പട്ടികവർഗ്ഗത്തിൽപ്പെട്ട സർക്കാർ ഉദ്യോഗസ്ഥന്റെ ഭാര്യയുടെ പേരിൽ ഭൂമി നൽകരുതെന്ന് ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഭാര്യയും ഭർത്താവും സർക്കാർ ഉദ്യോഗസ്ഥരാണെങ്കിൽ ഇവർക്ക് സർക്കാർ ഭൂമി ലഭിക്കുവാൻ അർഹതയുണ്ടോ;

(ഡി) പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരാൾക്ക് സർക്കാർ സൗജന്യമായി ഭൂമി നൽകുകയും തുടർന്ന് അയാളോ ഭാര്യയോ സർക്കാർ സർവ്വീസിൽ പ്രവേശിക്കുകയോ ചെയ്ത സന്ദർഭത്തിൽ സർക്കാർ ഭൂമി തിരിച്ചെടുത്ത സംഭവം ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ; എങ്കിൽ ആയതു സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>ഭൂരഹിതരായ ആദിവാസികൾക്ക് ഭവനനിർമ്മാണത്തിനായി ഭൂമി വാങ്ങുന്ന പദ്ധതി</u>

5066 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഭൂരഹിതരായ ആദിവാസികൾക്ക് ഭവനനിർമ്മാണത്തിനായി ഭൂമി വാങ്ങുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര ആദിവാസികൾക്ക് ധനസഹായം അനുവദിച്ചു; ജില്ല അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗക്കാർക്കുള്ള ഭവന നിർമ്മാണത്തിനുള്ള ധനസഹായം</u>

5067 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
'' വി. പി. സജീന്ദ്രൻ
'' പാലോട് രവി
'' ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്കുള്ള ഭവന നിർമ്മാണത്തിനുള്ള ധനസഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വർദ്ധനവ് സംബന്ധിച്ച വിശദാംശങ്ങൾ എന്തൊക്കെയാണ്; വിവരിക്കുമോ;

(സി) ധനസഹായം നിലവിലുള്ളതിനെക്കാൾ എത്ര ശതമാനമാണ് വർദ്ധിപ്പിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) വർദ്ധിപ്പിച്ച ധനസഹായം സമയബന്ധിതമായി വിതരണം ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>ഗോത്രവർഗ്ഗക്കാരായ ഭൂരഹിതർക്ക് ഭവനനിർമ്മാണ ത്തിന് ഭൂമിവാങ്ങാനുള്ള ധനസഹായം</u>

5068

ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, സണ്ണി ജോസഫ്
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗോത്രവർഗ്ഗക്കാരായ ഭൂരഹിതർക്ക് ഭവനനിർമ്മാണത്തിന് ഭൂമി വാങ്ങാനുള്ള ധനസഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വർദ്ധനവ് സംബന്ധിച്ച വിശദാംശങ്ങൾ എന്തൊക്കെയാണ്; വിവരിക്കുമോ;

(സി) ധനസഹായം നിലവിലുള്ളതിനെക്കാൾ എത്ര ശതമാനമാണ് വർദ്ധിപ്പിച്ചിട്ടുള്ളത്;

(ഡി) വർദ്ധിപ്പിച്ച ധനസഹായം സമയബന്ധിതമായി വിതരണം ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
# 01.07.2013–ലെ മറുപടിക്ക്

<u>വയനാട് ജില്ലയിൽ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്ന പദ്ധതി</u>

5069 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയില ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്ന പദ്ധതിപ്രകാരം എത്ര ഭൂമി ഏറ്റെടുത്തു; അറിയിക്കുമോ;

(ബി) ആയതിൽ എത്ര ഭൂമി വിതരണം ചെയ്തു; എന്ത് തുക ചെലവായി; അറിയിക്കാമോ;

(സി) ഈ പദ്ധതിയ്ക്കായി ഫണ്ട് അനുവദിച്ച ഉത്തരവിന്റെയും ഭൂമി ഏറ്റെടുക്കൽ നടപടിക്ക് റിക്വിസിഷൻ ഓഫീസറെ ചുമതല പ്പെടുത്തിയതിന്റേയും ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>അതിരപ്പിള്ളി പഞ്ചായത്തിലെ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി</u>

5070 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി പഞ്ചായത്തിലെ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) വാച്ചുമരം കോളനിയിലെ ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് കൃഷിയ്ക്കും വീട് വയ്ക്കുന്നതിനുമായി ഭൂമി നൽകുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ്; അറിയിക്കുമോ;

(സി) ഭൂമി ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

## യുവജനക്ഷേമത്തിനായി പദ്ധതി

5071

ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും**
**മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാം; വിശദാംശം ലഭ്യമാക്കുമോ;

(ബി) മലപ്പുറം ജില്ലയിൽ എന്തെല്ലാം പദ്ധതികളാണ് ആയത് പ്രകാരം നടപ്പിലാക്കി വരുന്നത്; പഞ്ചായത്ത് അടിസ്ഥാനമാക്കിയുള്ള വിവരം ലഭ്യമാക്കുമോ;

(സി) നടപ്പു സാമ്പത്തിക വർഷം വകുപ്പിന്റെ പദ്ധതികളിൽ ഏറനാട് മണ്ഡലത്തിൽ നിന്നുമുള്ള പദ്ധതികൾ ഏതെല്ലാം ഉൾപ്പെട്ടിട്ടുണ്ട്; ഇല്ലെങ്കിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>യുവാക്കൾക്കായി ദേശീയോദ്ഗ്രഥന ക്യാമ്പ്</u>

5072 ശ്രീ. ഹൈബി ഈഡൻ
'' വി.റ്റി. ബൽറാം
'' പി. സി. വിഷ്ണുനാഥ്
'' ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡ് യുവാക്കൾക്കായി ദേശീയോദ്ഗ്രഥന ക്യാമ്പ് (ജാഗരൺ ഭാരത്) സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) ക്യാമ്പ് നടത്തുന്നതിന് ആരെല്ലാമാണ് സഹകരിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>യുവജന ക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ സ്പോർട്ട്സ് കിറ്റുകൾ</u>

5073 ശ്രീ.പി. സി. വിഷ്ണുനാഥ്
'' ഷാഫി പറമ്പിൽ
'' വി. റ്റി. ബൽറാം
'' ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജന ക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ സ്പോർട്ട്സ് കിറ്റുകൾ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) ആർക്കെല്ലാമാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>അന്തർദേശീയ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം</u>

5074 ശ്രീ. വി. റ്റി. ബൽറാം
,, പി. സി. വിഷ്ണുനാഥ്
,, ഷാഫി പറമ്പിൽ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ അന്തർദേശീയ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെന്തെല്ലാം;

(സി) പ്രസ്തുത പ്രോഗ്രാമുമായി സഹകരിക്കുന്നവർ ആരൊക്കെയാണ്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>ജാഗരൺ ഭാരത് ക്യാമ്പ്</u>

5075 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജാഗരൺ ഭാരത് എന്ന പേരിൽ ദേശീയോദ്ഗ്രഥന ക്യാമ്പ് നടത്തിയത് ആരുടെയൊക്കെ സഹകരണത്തോടെയാണ് ;

(ബി) ഇതിനായി ആകെ എന്തു രൂപ ചെലവഴിച്ചു; തുക കണ്ടെത്തിയതെങ്ങനെയെന്ന് വിശദമാക്കുമോ ;

(സി) ഏതൊക്കെ സംസ്ഥാനങ്ങളിൽ നിന്ന് എത്ര പേർ ഈ പരിപാടിയിൽ പങ്കെടുത്തു എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>കാഴ്ചബംഗ്ലാവുകളുടെ വരുമാനം</u>

5076 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കാഴ്ചബംഗ്ലാവുകൾ ഉണ്ടെന്നും അവ ഏതൊക്കെയെന്നും വ്യക്തമാക്കുമോ;

(ബി) ഓരോ കാഴ്ച ബംഗ്ലാവുകളിലും വിനോദസഞ്ചാരികൾക്ക് എന്തെല്ലാം സൗകര്യങ്ങൾ ലഭ്യമാണ്; വെളിപ്പെടുത്തുമോ;

(സി) ഓരോ കാഴ്ച ബംഗ്ലാവുകളിൽ നിന്നും 2013-14 വർഷത്തിൽ ഇതുവരെയായി എന്ത് വരുമാനം ലഭിച്ചിട്ടുണ്ട്; ഇനം തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>മലമ്പുഴയിൽ പുതിയ മ്യൂസിയം</u>

5077 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മലബാർ മേഖലയിലെ ഏറ്റവും വലിയ ടൂറിസ്റ്റ് കേന്ദ്രമായ മലമ്പുഴ ഗാർഡൻസിൽ ഒരു മ്യൂസിയം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>മ്യൂസിയം/മൃഗശാലകളിൽ സന്ദർശകർക്ക് ബാറ്ററി കാർ</u>

5078 ശ്രീ. വി. പി. സജീന്ദ്രൻ
'' ഐ. സി. ബാലകൃഷ്ണൻ
'' എം. പി. വിൻസെന്റ്
'' റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മ്യൂസിയം/മൃഗശാലകളിൽ സന്ദർശകർക്ക് വേണ്ടി ബാറ്ററി കാർ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) ഈ സംവിധാനത്തിന്റെ പ്രയോജനം ഏതെല്ലാം സന്ദർശകർക്കാണ് ലഭിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>മൃഗശാലയിലെ നവീകരണ പ്രവർത്തനങ്ങൾ</u>

5079 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും**
**മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മൃഗശാലയിൽ ഏതൊക്കെ ഇനത്തിലുള്ള മൃഗങ്ങൾ എത്ര എണ്ണം വീതമാണ് ഇപ്പോൾ ഉളളത്;

(ബി) തിരുവനന്തപുരം മൃഗശാലയിൽ ഒരു ദിവസം ശരാശരി എത്ര സന്ദർശകരാണ് എത്താറുളളത്;

(സി) സന്ദർശക ഫീ ഇനത്തിൽ മൃഗശാലയ്ക്ക് ഒരു ദിവസം എത്ര രൂപയാണ് ശരാശരി വരുമാനം ലഭിക്കുന്നത്?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>മൃഗശാലയിലെ പക്ഷിമൃഗാദികളുടെ കൂടുകളുടെ വിശദാംശം</u>

5080 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മൃഗശാലക്കുള്ളിൽ പക്ഷികളുടെയും മൃഗങ്ങളുടേതുമടക്കം ആകെ എത്ര കൂടുകൾ ഉണ്ട് ; തരംതിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇവയിൽ എത്ര എണ്ണം ഒഴിഞ്ഞുകിടക്കുന്നു; തരംതിരിച്ച് ലഭ്യമാക്കുമോ ;

(സി) കഴിഞ്ഞ 2 വർഷത്തിനുള്ളിൽ ജീവൻ നഷ്ടപ്പെട്ട പക്ഷിമൃഗാദികളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഇവയുടെ മതിപ്പ് വില സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>മൃഗശാലയിലെ പക്ഷികൾ നഷ്ടപ്പെട്ടതിന് അന്വേഷണം</u>

5081 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും**
**മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മൃഗശാലയിലെ പക്ഷികൾ നഷ്ടപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

<u>മൃഗശാലയിലെ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ്</u>

5082 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെൻഷൻപ്രായം കഴിഞ്ഞ ഏതെങ്കിലും ജീവനക്കാർ മൃഗശാലയിൽ താത്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ടോ;

(ബി) എങ്കിൽ എത്ര പേർ; അവരുടെ പേരു വിവരം ലഭ്യമാക്കുമോ;

(സി) മൃഗശാലയിലെ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് ലംഘിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ
തിരുവനന്തപുരം, സെക്രട്ടറി
2013 ജൂൺ 22.

<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം 5.00 മണിയ്ക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്.
[ ചട്ടം 47(1)]

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.